ശ്രീ. എം. ഐ. പോൾ: എറണാകുളത്തു് ഇപ്പോൾ മരുന്നില്ലെന്ന വസ്തുത അറിവുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അറിവില്ല.

കൃഷിചെലവും ഉല്പാദനവും

*൩൭൪. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിൽ ഒരേക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നതിനു് സാധാരണയായി എന്തു ചെലവാകും;

(ബി) തിരുവിതാംകൂറിൽ ഒരേക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നതിനു് എന്തു ചെലവാകും;

(സി) കൊച്ചിയിൽ ൧൯൪൦-ൽ മൊത്തം എത്ര പറ നെല്ലു് ഉല്പാദിപ്പിച്ചിട്ടുണ്ടു്;

(ഡി) തിരുവിതാംകൂറിൽ ൧൯൪൦-ൽ മൊത്തം എത്ര പറ നെല്ലു് ഉല്പാദിപ്പിച്ചിട്ടുണ്ടു്;

(ഇ) ഡിസംബറിൽ ബോംബെയിൽ കൂടിയ ഭക്ഷ്യസമ്മേളനത്തിൽ വെച്ചു് തിരുവിതാംകൂർ-കൊച്ചിക്കു് അരികേപാട്ടാ വർധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രമാത്രം?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൊച്ചിയിൽ ഒരേക്കർ സ്ഥലത്തു് നെൽകൃഷി ചെയ്യുന്നതിനു് ൫൦—൬൦ രൂപാ വരെ ചെലവാകും.

(ബി) തിരുവിതാംകൂറിൽ ഒരേക്കറിനു് ൬൦—൭൫ രൂപാ വരെ ചിലവുവരും.

(സി) ഏകദേശം ൬,൩൫,൦൦൦൦ പറ നെല്ലു്.

(ഡി) ഏകദേശം ൩,൫൮,൦൦൦൦ പറ നെല്ലു്.

(ഇ) ഉണ്ടു്. ൩,൫ ൫൦൦൦ ടൺ ഭക്ഷ്യധാന്യകേപാട്ടാ അനുവദിച്ചിട്ടുണ്ടു്. ഇതു് ൧൯൪൦-ലെ കേപാട്ടയേക്കാൾ ൫ ൫൦൦൦ ടൺ കൂടുതലാണു്.

നെല്ലിന്റെ വില

*൩൭൫. (൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെല്ലിന്റെ വില വർദ്ധിപ്പിക്കുന്നതിനെപ്പറ്റി തിരുവിതാംകൂർ-കൊച്ചി കേന്ദ്രഗവർമ്മെണ്ടിനു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) അതനുസരിച്ചു് വില വർദ്ധിപ്പിക്കാൻ അനുവാദം കിട്ടിയോ;

(സി) ഇൻഡ്യാഗവർമ്മെണ്ടിന്റെ അനുവാദം കൂടാതെ നെല്ലിന്റെ വില തിരുവിതാംകൂർ-കൊച്ചി ഗവർമ്മെണ്ടിനു് കൂട്ടാൻ അധികാരമില്ലേ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുഞ്ചകൃഷികാക്കമാത്രം മണ്ണണ കൂടുതൽ കൊടുക്കാൻ സമ്മതിച്ചിട്ടുണ്ട്.

(സി) ഇല്ല.

ഗൃഹനിർമ്മാണപദ്ധതി

*൩൭൭. (വ) ശ്രീ കണ്ണാറ തോപ്രാംകുടിപ്പുണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗൃഹനിർമ്മാണപദ്ധതിക്ക് ഫസ്ൽ ൦–ലെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ എത്ര;

(ബി) അതിൽ നാളിതുവരെ എത്ര സംഖ്യ ചെലവായി;

(സി) ഈ പദ്ധതിയനുസരിച്ച് ഇതുവരെ എത്ര വീടുകൾ പണിതു;

(ഡി) അവയിൽ എത്രയെണ്ണം താമസത്തിനായി കൊടുത്തു;

(ഇ) എന്ത് വ്യവസ്ഥയിന്മേലാണ്;

(എഫ്) ബാക്കി വീടുകൾ കൊടുക്കാത്തതു എന്തുകൊണ്ടാണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൫,൩൫൦൦ രൂപാ.

(ബി) ഇതിനെപ്പറ്റിയൊന്നും പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.

(സി) ഫസ്ൽ വീടുകൾ പണിതുകഴിഞ്ഞു. ഫ൫ വീടുകൾ പണി പൂർത്തിയായിവരുന്നു. അങ്ങനെ ഇതുവരെ ഫ൪൦ വീടുകൾ പണിതുകഴിഞ്ഞിട്ടുണ്ട്.

(ഡി) ഫ൨൬.

(ഇ) കന്യാകുമാരി, കൊല്ലം, കുമരകം, തേവര എന്നീ കേന്ദ്രങ്ങളിൽ കെട്ടിയിട്ടുള്ള വീടുകളുടെ വില മുഴുവൻ൨൫൦ കൊല്ലത്തിനകം പലിശകൂടാതെ തവണക്കണക്കിനു് അടച്ചുതീർക്കുന്നതോടുകൂടി, വീടുകളുടെ ഉടമസ്ഥാവകാശം തൊഴിലാളികൾക്കു സിദ്ധിക്കുന്നതാണ്. ഇതിൽ, കന്യാകുമാരിയിലുള്ള സെൻറുകളിൽ ഈ പദ്ധതി നടപ്പിലാക്കിയതു് സഹകരണസംഘങ്ങൾ മുഖാന്തിരം ആയതുകൊണ്ടു്, ഇവകൾ അടച്ചുതീർക്കുന്നതും, വീടുകളുടെ ഉടമസ്ഥാവകാശം തൊഴിലാളികൾക്കു കൈമാറ്റം ചെയ്യുന്നതും ടി സഹകരണസംഘങ്ങൾ മുഖേനയാണ്.

തിരുവനന്തപുരം, ആലപ്പുഴ, ഇരിങ്ങാലക്കുട, ആലുവാ എന്നീ സ്ഥലങ്ങളിൽ മനിസിപ്പൽ തൊഴിലാളികൾക്കും, പുനലൂർ വ്യവസായതൊഴിലാളികൾക്കും വീടുകൊടുത്തിട്ടുള്ളതു് ഇവരിൽനിന്നും പ്രതിവർഷം വാടകയായി ഈടാക്കാവുന്നതു് വീടുകളുടെ വിലയുടെ൨൫ ശതമാനത്തിൽ കവിയാൻ പാടില്ല എന്നുള്ള വ്യവസ്ഥയിലാണ്. വീടുകളുടെ വില മുഴുവൻ൨൫൦ കൊല്ലത്തിനകം പലിശകൂടാതെ മനിസിപ്പാലിറ്റികൾ അടച്ചുതീർക്കുന്നതോടുകൂടി ഉടമസ്ഥാവകാശം അവയ്ക്കു സിദ്ധിക്കുന്നതാണ്. വ്യവസായിക ഭവനനിർമ്മാണപദ്ധതിയനുസരിച്ച് തവണക്കണക്കിനു് അടച്ചുതീർക്കുവാനുള്ള ഇവ അടക്കുന്നതോടുകൂടി പുനലൂരിലെ വീടുകളുടെ ഉടമസ്ഥാവകാശം മാനേജ്മെൻറിനു് സിദ്ധിക്കുന്നതാണ്.

(എഫ്) ബാക്കിയുള്ള രണ്ടു് സെൻറുകളിൽ ആലപ്പുഴയിൽ, കയ്യൂസ് മുതലായ പണികൾ തീരാത്ത ൧൦൫ വീടുകൾ താമസത്തിനു് എടുപ്പിക്കുന്നതാണ്. തിരുവനന്തപുരത്തു് ഇനിയും ൫൦ വീടുകൾകൂടി കെട്ടുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly